Draft #1 of File 71036/AC A1-2/2025/REG SECT Approved by Registrar on 12-Aug-2025 11 33 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

71036/AC A1-2/2025/REG SECT 12.08.2025

## പരിപത്രം

| | |
|---|---|
| വിഷയം :- | സർക്കാർ സർവീസിലിരിക്കെ അധ്യാപകർ നിയമവിരുദ്ധമായി പി. എസ് സി കോച്ചിങ് സെന്ററുകൾ നടത്തുകയോ കോച്ചിങ് ക്ലാസ് എടുക്കുകയോ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് -സംബന്ധിച്ച് ; |

സൂചന :- 1. നമ്പർ K1/159/2025 -HEDN തീയതി 16/07/2025പ്രകാരം ഉന്നത വിദ്യാഭ്യാസ(കെ) വകപ്പിൽ നിന്ന് ലഭിച്ച കത്ത് .

ഉന്നത വിദ്യാഭ്യാസ വകപ്പ് നൽകിയ സൂചന (1) കത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ സേവനത്തിലിരിക്കുന്ന അധ്യാപകർ നിയമവിരുദ്ധമായി പി. എസ്. സി കോച്ചിങ് സെന്ററുകൾ നടത്തുകയും, കോച്ചിങ് ക്ലാസുകൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുള്ളതായി സർക്കാർ ചൂണ്ടികാട്ടിയിട്ടുണ്ട്.

അധ്യാപക സേവന നിബന്ധനകളെയും പൊതുവായ ചട്ടങ്ങളെയും ലംഘിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ ഗുരുതരമായി കാണപ്പെടുന്നതാണ്. അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകർ മേൽ സൂചിപ്പിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപെട്ടാൽ സർവകലാശാല കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ആയതിനാൽ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകൾ (Government / Aided Colleges), പഠന വകുപ്പുകൾ, അക്കാഡമിക് സെന്ററുകൾ എന്നിവടങ്ങളിലുള്ള എല്ലാ അധ്യാപകരും ഇത്തരം നിയമ വിധേയമല്ലാത്ത പ്രവർത്തനങ്ങളിൽ നിന്ന് വിട്ടു നിൽക്കുവാൻ ആവശ്യമായ ജാഗ്രത പാലിക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

~~Dr.~~BISMI GOPALAKRISHNAN
Registrar

**പകർപ്പ്**

1. അഫിലിയേറ്റഡ് എയ്ഡഡ്, ഗവണ്മെന്റ് കോളേജുകൾ/ പഠന വകുപ്പുകൾ / സെന്ററുകൾ

2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി

3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

4. എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക്)

5. പി.ആർ.ഒ./എൻക്വയറി / ഐ.ക്യൂ.എ .സി / യൂണിവേഴ്സിറ്റി വെബ്സൈറ്റ്

6. റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി